18019
9/12/20

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - വിവരപൊതുജനസമ്പർക്ക വകുപ്പിൽ താൽക്കാലികമായി സൃഷ്ടിച്ച വിവരപൊതുജനസമ്പർക്ക (എച്ച്) സെക്ഷന്റേയും അനുബന്ധ തസ്തികകളുടേയും തുടർച്ചാനുമതി 25.08.2020 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സ്പെഷ്യൽ ഇ) വകുപ്പ്**

**സ.ഉ (എം.എസ്)നം.231/2020/പൊഭവ തീയതി, തിരുവനന്തപുരം, 03.12.2020.**

പരാമർശം:- 1) സ.ഉ.(പി)നം.5/2018/പൊഭവ തീയതി 26.05.2018.

2) സ.ഉ. (സാധാ) നം. 4904/2018/പൊ.ഭ.വ തീയതി 27.07.2018.

3) സ.ഉ. (എം.എസ്) നം.125/2019/പൊ.ഭ.വ തീയതി 24.06.2019.

4) സ.ഉ. (കൈ) നം.83/2020/പൊ.ഭ.വ തീയതി 29.09.2020.

## ഉത്തരവ്

വിവരപൊതുജനസമ്പർക്ക വകുപ്പിൽ പത്രപ്രവർത്തക പെൻഷനും ഇതര പെൻഷനും മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ ജോലികളും ഉൾപ്പെടെ നിലവിലുള്ള കുടിശ്ശിക ജോലികൾ തീർപ്പാക്കുന്നതിനായി 6 മാസത്തേയ്ക്ക് താൽക്കാലികമായി ഒരു പുതിയ സെക്ഷനും അനുബന്ധ തസ്തികകളും സൃഷ്ടിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കാലയളവിൽ പെൻഷൻ സംബന്ധമായ ജോലികളുടെ പ്രാരംഭഘട്ടം മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്നതിനാൽ താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട സെക്ഷന്റേയും അനുബന്ധ തസ്തികകളുടേയും കാലാവധി 26.11.2018 മുതൽ 9 (ഒമ്പത്) മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ടും താൽക്കാലികമായി സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ തസ്തിക നിർത്തലാക്കി പകരം പ്രസ്തുത തസ്തിക ഡെപ്യൂട്ടി ഡയറക്ടർ തസ്തികയാക്കി പുനർ നിർണ്ണയിച്ചുകൊണ്ടും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത കാലാവധിക്ക് ശേഷം മേൽ സെക്ഷന് 25.08.2019 മുതൽ അടുത്ത ഒരു വർഷത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകിക്കൊണ്ട് പരാമർശം 4 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

മറുപുറം

2) ഇപ്രകാരം കാലാവധി ദീർഘിപ്പിച്ച പ്രസ്തുത സെക്ഷന്റേയും അനുബന്ധ തസ്തികകളുടേയും തുടർച്ചാനുമതി 24.08.2020 ന് അവസാനിച്ചെങ്കിലും വിവരപൊതുജന വകുപ്പുമായി ബന്ധപ്പെട്ട ജോലികൾ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നതിനാൽ സെക്ഷന്റെ പ്രവർത്തനം തുടർന്നുവരികയാണ്. പത്രപ്രവർത്തക പെൻഷനും പെൻഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട ജോലികളും സ്ഥായിയായി ഉള്ളതിനാൽ താൽക്കാലികമായി സൃഷ്ടിച്ച സെക്ഷൻ സ്ഥിരമായി നിലനിർത്തണമെന്ന് വിവരപൊതുജന സമ്പർക്ക വകുപ്പ് സർക്കാരിന് ശിപാർശ സമർപ്പിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) പ്രകാരം താൽക്കാലികമായി സൃഷ്ടിച്ച വിവരപൊതുജന സമ്പർക്ക (എച്ച്) വകുപ്പിൽ പത്രപ്രവർത്തകരുടെ ക്ഷേമം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച നിരവധി നടപടികൾ തീർപ്പാക്കാനുള്ള സാഹചര്യത്തിൽ പ്രസ്തുത വകുപ്പിന്റെ തുടർച്ചാനുമതി 25.08.2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.ആർ.ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ്.
വിവരപൊതുജനസമ്പർക്ക (എ/സി/എച്ച്) വകുപ്പ്.
പൊതുഭരണ (സർവ്വീസസ് (എ/ഇ) വകുപ്പ്
പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ എ/ബി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.4370 തീയതി 02.12.2020)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് (E No.708437 Exp.A2/21/2018-fin. തീയതി 21.08.2020)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-12-2020

(23) ഫയൽ നം. സ്പെഷ്യൽ.ഇ1/89/2020/പൊ.ഭ.വ. ഇനം നം: 4370

വിഷയം : പൊതുഭരണ വകുപ്പ് - വിവര പൊതുജന സമ്പർക്ക വകുപ്പിൽ താല്കാലികമായി സൃഷ്ടിക്കപ്പെട്ട വിവര പൊതുജന സമ്പർക്ക (എച്ച്) വകുപ്പിന്റെ കാലാവധി 25.08.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | സ്പെഷ്യൽ.ഇ 1/89/2020/പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് |
| 3 | വിഷയം | : | വിവര പൊതുജന സമ്പർക്ക വകുപ്പിൽ താല്ക്കാലികമായി സൃഷ്ടിക്കപ്പെട്ട വിവര പൊതുജന സമ്പർക്ക(എച്ച്) വകുപ്പിന്റെ കാലാവധി 25.08.2020 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11.11.2020 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സുധ.ബി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.11.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.12.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 01.12.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 01.12.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പിൽ താല്ക്കാലികമായി സൃഷ്ടിക്കപ്പെട്ട വിവര പൊതുജന സമ്പർക്ക (എച്ച്) സെക്ഷന്റെയും അനുബന്ധ തസ്തികകളുടെയും തുടർച്ചാനുമതി 25.08.2020 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2) പത്രപ്രവർത്തകരുടെ ക്ഷേമവുമായി ബന്ധപ്പെട്ട ജോലികളും പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുന്നതിനായി താല്ക്കാലികമായി ആറു മാസത്തേക്ക് വിവര പൊതുജന സമ്പർക്ക (എച്ച്) സെക്ഷനും അനുബന്ധ തസ്തികകളും 26.05.2018 ലെ സ.ഉ (പി)നം.5/2018/പൊഭവ പ്രകാരം സൃഷ്ടിച്ചിരുന്നു. പ്രസ്തുത സെക്ഷന് പ്രാഥമിക ജോലികൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നതിനാൽ മേൽ സെക്ഷന്റെയും അനുബന്ധ തസ്തികകളുടെയും കാലാവധി 26.11.2018 മുതൽ ഒൻപത് മാസത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 24.06.2019 തീയതിയിലെ സ.ഉ(എം.എസ്) നം.125/2019/പൊഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കാലാവധിക്കുശേഷം ടി സെക്ഷന് 25.08.2019 മുതൽ അടുത്ത ഒരു വർഷത്തേക്കുകൂടി 29.04.2020 തീയതിയിലെ സ.ഉ(എം.എസ്)നം.83/2020/പൊഭവ പ്രകാരം സർക്കാർ തുടർച്ചാനുമതി നൽകിയിട്ടുണ്ട്.

3) എന്നാൽ പ്രസ്തുത സെക്ഷന്റെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് 24.08.2020 ന് പൂർത്തിയായതായും വിവിധ ജോലികൾ ഇപ്പോൾ വകുപ്പിൽ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നതായും വിവര പൊതുജന സമ്പർക്ക (എച്ച്) വകുപ്പ് അറിയിച്ചിട്ടുണ്ട്. സെക്ഷനുമായി ബന്ധപ്പെട്ട ജോലികളിൽ ഭൂരിഭാഗവും പെൻഷനുമായി ബന്ധപ്പെട്ടതായതിനാൽ പ്രസ്തുത ജോലികൾക്ക് തുടർച്ചാ സ്വഭാവമുണ്ടെന്ന് വകുപ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട മുഴുവൻ ജോലികളും പുതിയ പെൻഷൻ അപേക്ഷകളും പെൻഷനുമായി ബന്ധപ്പെട്ട പരാതികളും പ്രസ്തുത സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ മേൽ സെക്ഷന് സ്ഥിരാനുമതി ലഭ്യമാക്കണമെന്നാണ് വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത്. മേൽ സാഹചര്യത്തിൽ പ്രസ്തുത സെക്ഷന് തുടർച്ചാനുമതി നൽകുന്നത് യഥാസമയത്തല്ലാത്തതിനാൽ പെൻഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ അത് ദോഷകരമായി ബാധിക്കുന്നുവെന്നതിനാൽ പ്രസ്തുത സെക്ഷനെ സ്ഥിരമായി നിലനിർത്തുന്നത് സംബന്ധിച്ച് വകുപ്പ് ശുപാർശ സമർപ്പിച്ചിരിക്കുന്നു.

4) പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായമാരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" വിവര പൊതുജന സമ്പർക്ക (എച്ച്) സെക്ഷന്റെയും അനുബന്ധ തസ്തികകളുടെയും തുടർച്ചാനുമതി 2020 ഓഗസ്റ്റ് 25 മുതൽ ഒരു വർഷത്തേക്ക് നീട്ടി നൽകാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്. "

5) തുടർന്ന് വിവര പൊതുജന സമ്പർക്ക (എച്ച്) സെക്ഷന്റെയും അനുബന്ധ തസ്തികകളുടെയും കാലാവധി 25.08.2020 മുതൽ അടുത്ത ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി,

"In para 2.71 of the report prepared by the 5 member committee for streamlining the work load in the Administrative Secretariat it is clearly recommended to stop the functioning of (H) Section and connected posts in the Information & Public Relations Department. The meeting of the **Council of Ministers held on 04.11.2020 vide item No.4326** has also approved the above recommendation. In view of the above, file is submitted to the Hon'ble Chief Minister for orders whether this file needs to be submitted before the Council of Ministers".

6) തുടർന്ന് ബഹു.മുഖ്യമന്ത്രി ചുവടെപ്പറയും പ്രകാരം ഉത്തരവിടുകയുണ്ടായി;

"പത്ര പ്രവർത്തക പെൻഷനും, മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധജോലികളും കുടിശ്ശികയുണ്ട്. ഇത് സംബന്ധിച്ച് അവരുടെ പരാതിയുണ്ട്. ഈ സാഹചര്യത്തിൽ ഒരു വർഷത്തേക്കു കൂടി തുടർച്ചാനുമതി നൽകാം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക".

<u>തീരുമാനിക്കേണ്ട വിഷയം</u>

വിവര പൊതുജന സമ്പർക്ക വകുപ്പിൽ താല്ക്കാലികമായി സൃഷ്ടിക്കപ്പെട്ട വിവര പൊതുജന സമ്പർക്ക (എച്ച്) സെക്ഷന്റെയും അനുബന്ധ തസ്തികകളുടെയും കാലാവധി 25.08.2020 മുതൽ അടുത്ത ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണോ ?

## GOVERNMENT OF KERALA
## (Sri. PINARAYI VIJAYAN MINISTRY)

### Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | Spl.E1/89/2020/GAD. |
| 2. | Department | : | General Administration (Spl.E) Dept. |
| 3. | Subject | : | Extension of term of temporarily created I&PR (H) Section and related post for a further period of one year from 25.08.2020 - Reg. |
| 4. | Date of Chief Minister's order for placing before the council | : | 11.11.2020 |
| 5. | i. Does the case involve financial commitments/implications. | : | Yes |
| | ii. If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note. | : | Yes |
| 6. | Are any other departments concerned with the case and if so, have been consulted and their remarks incorporated in the Note for the Council? | : | Yes; yes. |
| 7. | Name of Deputy Secretary who submitted the Draft Note | : | Smt.Sudha.B |
| 8. | Name of Principal Secretary who approved the Draft Note | : | Sri.K.R.Jyothilal |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 27.11.2020 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. .Vishwas Mehta |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 01.12.2020 |
| 12. | Name of Minister who approved the Draft Note | : | Sri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister | : | 01.12.2020 |
| 14. | Date of submission of fair copies | : | 01.12.2020 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

# Notes for Council of Ministers

This note deals with the proposal for according continous sanction for extending the term of temporarily created I&PR(H) Section and related posts for a further period of one year from 25.08.2020.

2) Government had temporarily created I&PR(H) Section and related posts for a period of six months for dealing with the works related to the pensionary benefits and and other works for the welfare of journalists, vide the G.O(P)No.5/2018/GAD dt 26.5.2018. Since only the primary works has been completed, the term of the section and related posts were extended for another period of nine months from 26.11.2018 vide the G.O(Ms)No.125/2019/GAD dt 24.06.2019. Later Government have accorded continuous sanction of the section for another period of one year from 25.08.2019, vide the G.O(Ms)No.83/2020/GAD dt 29.04.2020.

3) Now, the I&PR (H) Department has informed that the extended term of the section got over on 24.08.2020 and the various works are still pending in the section. Most of the works in the section is related to pension papers and the works are continuous in nature. Moreover all the works of pension related committees and the new pension applications and complaints regarding pension matters are being dealt in the section. In the above circumstances, it has been requested to accord permanent sanction, since according of continuous sanction not in time, badly affects the pension related works.

4) When the file was forwarded to Finance Department for remarks, they are opined as follows;

'' വിവര പൊതുജന സമ്പർക്ക (എച്ച്) സെക്ഷന്റെയും അനുബന്ധ തസ്തികകളുടെയും തുടർച്ചാനുമതി 2020 ഓഗസ്റ്റ് 25 മുതൽ ഒരു വർഷത്തേക്ക് നീട്ടി നൽകാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്. ''

5) When the file was submitted for approving the draft council note in accordance with the orders of Hon'ble Chief Minister, for considering the matter of granting continuous sanction for I&PR (H) Section and related posts for another period of one year from 25.08.2020, the Chief Secretary has opined as follows,

''In para 2.71 of the report prepared by the 5 member committee for streamlining the work load in the Administrative Secretariat it is clearly recommended to stop the functioning of (H) Section and connected posts in the Information & Public Relations Department. The meeting of the **Council of Ministers held on 04.11.2020 vide item No.4326** has also approved the above recommendation. In view of the above, file is submitted to the Hon'ble Chief Minister for orders whether this file needs to be submitted before the Council of Ministers''.

6) When circulated to the Hon'ble Chief Minister, he has ordered as follows;

''പത്ര പ്രവർത്തക പെൻഷനും, മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധജോലികളും കുടിശ്ശികയുണ്ട്. ഇത് സംബന്ധിച്ച് അവരുടെ പരാതിയുണ്ട്. ഈ സാഹചര്യത്തിൽ ഒരു വർഷത്തേക്കു കൂടി തുടർച്ചാനുമതി നൽകാം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക''.

## Points for decision

Whether the term of temporarily created I&PR (H) section and related posts may be extended for another period of one year with effect from 25.08.2020 ?